# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

### പത്രക്കുറിപ്പ്

### ഇന്റഗ്രേറ്റഡ് MTA പ്രവേശനം

2024-25 അധ്യയന വർഷത്തെ കാലിക്കറ്റ് സർവ്വകലാശാല സ്കൂൾ ഓഫ് ഡ്രാമയിലെ ഇന്റഗ്രേറ്റഡ് MTA പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലെ പ്രവേശനത്തിന് പ്ലസ് ടു/തത്തുല്ല്യ യോഗ്യതയുള്ളവർക്ക് ലെയ്റ്റ് രജിസ്ട്രേഷൻ ഓൺലൈനായി നടത്താനുള്ള സൗകര്യം 06.11.2024 ന് വൈകിട്ട് 5 മണി വരെ ലഭ്യമാണ്. ജനറൽ വിഭാഗത്തിന് 920/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 580/- രൂപയുമാണ് അപേക്ഷാ ഫീസ്.

ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP ID യും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ http://admission.uoc.ac.in -> CUCAT എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ നമ്പർ ഓ.ടി.പി (One Time Password) വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെതോ, അല്ലെങ്കിൽ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിച്ച CAP ID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷയുടെ അവസാനമാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. Final Submit & Pay എന്ന ബട്ടൺ ക്ലിക് ചെയ്യുന്നതിന് മുൻപേ അപേക്ഷയിൽ നൽകിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ. പ്രിന്റ് ഔട്ടിൽ രേഖപ്പെടുത്തിയ കോളേജ്, പ്രോഗ്രാം, റിസർവേഷൻ തുടങ്ങിയ വിവരങ്ങൾ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, ഇന്റർവ്യൂ, വർക്ക് ഷോപ്പ്, പ്ലസ് ടുവിന് ലഭ്യമായ മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

അഭിരുചി പരീക്ഷ തിയ്യതി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി, പ്രവേശനം ആരംഭിക്കുന്ന തിയ്യതി തുടങ്ങിയ വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശന വിജ്ഞാപനത്തിനും മറ്റ് വിശദവിവരങ്ങൾക്കും വെബ്സൈറ്റ് (admission.uoc.ac.in) സന്ദർശിക്കുക.

ഫോൺ : 0494 2407017, 0487 2385352 (സ്കൂൾ ഓഫ് ഡ്രാമ)

(ഒപ്പ്)
ഡയറക്ടർ

C.U. Campus
28.10.2024

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)